LIBRARY ARCHIVES Kerala Legislative Assembly

നബാർഡിന്റെ സഹായത്തോടെയുള്ള കുടിവെള്ള പദ്ധതികൾ

59 [1745] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ഈ വർഷം നടപ്പാക്കുന്ന കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കുവാൻ പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണ്;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുതൽ മുടക്കേണ്ടതുണ്ടോ എന്നും സർക്കാരിന്റേയും നബാർഡിന്റേയും വിഹിതം എത്ര തുക വീതമാണെന്നും വ്യക്തമാക്കുമോ;

(ഡി) നിലവിലുള്ള കുടിവെള്ള പ്രോജക്ടുകളിൽ നിന്ന് വ്യത്യസ്തമായി എന്തെങ്കിലും അധിക ബാധ്യത ഗുണഭോക്താക്കൾക്ക് വരുംവിധമാണോ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്; എങ്കിൽ വിശദവിവരം അറിയിക്കുമോ;

(ഇ) പ്രസ്തുത പദ്ധതികൾക്ക് ഭരണ സാങ്കേതിക അനുമതികൾ ലഭിച്ചിട്ടുണ്ടോയെന്നും പദ്ധതികൾ നടപ്പാക്കാൻ ഇതിനകം പൂർത്തിയായിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും അറിയിക്കുമോ;

(എഫ്) സമയബന്ധിതമായി പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കുവാൻ പ്രത്യേക പരിഗണന നൽകുമോ?

ഉത്തരം

(എ) പദ്ധതികളുടെ വിവരം † അനുബന്ധമായി കൊടുത്തിട്ടുണ്ട്.

(ബി) 4868.33 ലക്ഷം രൂപ.

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുതൽ മുടക്കേണ്ടതില്ല.

സർക്കാർ വിഹിതം	—	697.88 ലക്ഷം രൂപ
നബാർഡ് വിഹിതം	—	3324.06 ലക്ഷം രൂപ

(ഡി) ഒരു വിധത്തിലുള്ള അധിക ബാദ്ധ്യതയും ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടില്ല.

(ഇ) ഭരണ-സാങ്കേതിക അനുമതികൾക്കുള്ള നടപടികൾ പുരോഗതിയിലാണ്.

(എഫ്) നബാർഡിന്റെ നിബന്ധനകൾ പാലിച്ച് സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചുവരികയാണ്.

† അനുബന്ധം V

അനുബന്ധം V

[6-2-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 59(1745)-ന്റെ ഉത്തരം ദയവായി കാണുക]

Estimate Cost of NABARD Schemes under RIDF-IX

Sl.No.	*Name of Scheme*	*District*	*Estimated cost in lakhs*
1	Azhikkode WSS	Kannur	458.67
2	Edakkad WSS	Kannur	326.95
3	Ramanthali WSS	Kannur	371.33
4	Okkal WSS	Ernakulam	584.70
5	Kovappady WSS	Ernakulam	930.69
6	Udumbanchola WSS	Idukki	468.52
7	Pandallur WSS	Malappuram	668.56
8	Poothady WSS	Wayanad	1058.91
		Total	**4868.33**

അനുബന്ധം VI

[6-2-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 94(1780)-ന്റെ ഉത്തരം ദയവായി കാണുക]

ക്രമ നമ്പർ	*റോഡിന്റെ പേര്*	*നിയമസഭാ മണ്ഡലം*	*എസ്റ്റിമേറ്റ് തുക (ലക്ഷം)*
(1)	(2)	(3)	(4)
1	ചിറക്കൽ-ചാപ്പക്കടവ്	താനൂർ	5.00
2	കാക്കത്തുരുത്ത്-മരുതൂർ കുളങ്ങര	കരുനാഗപ്പള്ളി	11.75
3	കോൺവെന്റ് റോഡ്-ചെല്ലാനം	പള്ളുരുത്തി	14.80
4	കൈപ്പമംഗലം ബീച്ച് റോഡ്	കൊടുങ്ങല്ലൂർ	14.25
5	പഴയങ്ങാടി-കോമത്ത് ബണ്ട്	പയ്യന്നൂർ	10.50
6	ശക്തികുളങ്ങര ഹാർബർ-സെന്റ് ജോൺ ബി.എച്ച്.എസ്. റോഡ്	ചവറ	4.25
7	എടക്കടനാട്-ഭയൻകാവ് റോഡ്	തിരൂർ	5.00

LIBRARY ARCHIVES Kerala Legislative Assembly